**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 126** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>അംഗൻവാടി ജീവനക്കാരുടെ പെൻഷൻ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ഫാത്തിമ തഹിലിയ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്ത് നിലവിൽ വിവിധ വിഭാഗങ്ങളിലുള്ള സാമൂഹ്യസുരക്ഷാ/ക്ഷേമ പെൻഷനുകളുടെ നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ലഭിക്കുന്ന പെൻഷൻ തുക താരതമ്യേന കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** അങ്കണവാടി ജീവനക്കാരുടെ സേവനകാലവും 2016 ലെ കേരളാ അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ചട്ടങ്ങളിലെ നിലവിലെ വ്യവസ്ഥകളും പരിഗണിച്ചാണ് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചുവരുന്നത് .

**(ബി)** ശിശുക്കളുടെയും ഗർഭിണികളുടെയും പോഷണം, പ്രീ-സ്കൂൾ വിദ്യാഭ്യാസം, ആരോഗ്യ-പോഷണ പ്രവർത്തനങ്ങൾ, സർക്കാർ ക്ഷേമപദ്ധതികളുടെ നിർവഹണം തുടങ്ങിയ മേഖലകളിൽ ദീർഘകാലം സേവനം അനുഷ്ഠിച്ചുവരുന്ന അംഗൻവാടി ജീവനക്കാരുടെ സേവനകാലവും സേവനത്തിന്റെ സ്വഭാവവും പരിഗണിച്ച് മെച്ചപ്പെട്ട പെൻഷൻ ആനുകൂല്യം നൽകേണ്ടതുണ്ടെന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** നിലവിലുള്ള പെൻഷൻ തുക വർധിപ്പിക്കുന്നതിനും മറ്റ് ക്ഷേമ പെൻഷനുകൾക്ക് സമാനമായോ അതിനനുസൃതമായോ പെൻഷൻ ഉറപ്പാക്കുന്നതിനും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** മറ്റ് ക്ഷേമപെൻഷനുകൾക്ക് സമാനമായ നിരക്ക് നിലവിൽ നിശ്ചയിച്ചിട്ടില്ല.

**(ഡി)** അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും പെൻഷൻ കാലാകാലങ്ങളിൽ വിലയിരുത്തി ജീവിതച്ചെലവിന്റെ വർധനയ്ക്കനുസരിച്ച് പെൻഷൻ തുക പരിഷ്കരിക്കുന്നതിന് പ്രത്യേക മാനദണ്ഡം ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** ജീവിത ചെലവിന്റെ വർധനവിന്റെ അടിസ്ഥാനത്തിൽ പെൻഷൻ പരിഷ്കരിക്കുന്നതിന് പ്രത്യേക മാനദണ്ഡം നിലവിൽ ഏർപ്പെടുത്തിയിട്ടില്ല.

**സെക്ഷൻ ഓഫീസർ**